പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 309      02.03.2020-ൽ മറുപടിക്ക്.

## ഇലഞ്ഞി പഞ്ചായത്തിലെ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ്

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പിറവം മണ്ഡലത്തിൽ ഇലഞ്ഞി പഞ്ചായത്തിലെ നിർദ്ദിഷ്ട പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;<br><br>(ബി) പ്രസ്തുത യൂണിറ്റ് എത്രയും വേഗം പ്രവർത്തനമാരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ ? | (എ) & (ബി) പിറവം മണ്ഡലത്തിൽ ഇലഞ്ഞി പഞ്ചായത്തിൽ സി.എഫ്.ആർ.ഡി സ്ഥാപിക്കുന്ന പഴം-പച്ചക്കറി പ്ലാന്റിന് രണ്ട് യൂണിറ്റുകളാണ് ഉള്ളത്. പഴം-പച്ചക്കറി സംസ്കരണശാല, ശീതീകരണ സംഭരണശാല എന്നിവയാണ് അവ. ശീതീകരണ സംഭരണിയുടെ നിർമ്മാണം പൂർത്തിയായി. ട്രയൽ റൺ നടത്തി അത് ഉടൻതന്നെ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. പഴം-പച്ചക്കറി സംസ്കരണശാലയുടെ നിർജ്ജലീകരണ യൂണിറ്റിന്റെ നിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണങ്ങൾ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**